മാർച്ച് 2015
ഞായർ
1190 മീനം 1
പേജ് 20, ₹ 6.50
Founder Editor: K. Sukumaran B.A
THIRUVANANTHAPURAM • KOLLAM • PATHANAMTHITTA • ALAPPUZHA • KOTTAYAM • KOCHI • THRISSUR • KOZHIKODE • KANNUR • BANGALORE
കേരളകൗമുദി
www.keralakaumudi.com
www.facebook.com/keralakaumudidaily
തിരുവനന്തപുരം
104 വർഷങ്ങൾ

# സർ സി.പിയുടെ ചെറുമകൾക്ക് ഗാന്ധിഭവനിൽ ശതാഭിഷേകം

**കോട്ടാത്തല ശ്രീകുമാർ**




*പാട്ടിയമ്മ ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനൊപ്പം*

പുത്തൂർ : ആയിരം പൂർണചന്ദ്രൻമാരെ കണ്ട ആനന്ദവല്ലിയമ്മാളിന്റെ മനസിലിപ്പോഴും ഓർമ്മകളുടെ കടലിരമ്പമാണ്. സർസി.പിയുടെ നേർ സഹോദരന്റെചെറുമകൾ അനാഥാലയത്തിലാണെന്നറിയുമ്പോൾ അതെങ്ങനെസംഭവിച്ചുഎന്നു നിങ്ങൾ സംശയിക്കാം. ആ കഥ അറിയാനാണ് പാട്ടിയമ്മയുടെ എൺപത്തിനാലാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ ഇന്നലെ ഗാന്ധിഭവനിൽ എത്തിയത്.

സർ സി.പിയുടെ മൂത്ത സഹോദരൻ ഗണപതി അയ്യരുടെമകൾ എൽ.ചെല്ലമ്മാളിന്റെയും എസ്.എം. സുന്ദരം അയ്യരുടെയും രണ്ടാമത്തെ മകളാണ് ആനന്ദവല്ലി അമ്മാൾ. മദ്രാസിലായിരുന്നു ജനനം. സത്യസുബ്രഹ്മണ്യ, പത്മനാഭൻ, ലക്ഷ്മി നാരായണൻ, മുത്തുലക്ഷ്മി എന്നിവരാണ് സഹോദരങ്ങൾ. ഇതിൽലക്ഷ്മിനാരായണൻമാത്രമാണ് ജീവിച്ചിരിപ്പുള്ളത്. പിതാവിന്റെ ജോലി സംബന്ധമായിട്ടാണ് ഇവരുടെ കുടുംബം പലയിടങ്ങളിലുംമാറിമാറിതാമസിച്ചത്. അങ്ങനെ കൊല്ലത്തെത്തി. 1941ൽ തന്റെ എട്ടാം വയസിലാണ് സർ. സി.പിയെ ആനന്ദവല്ലിഅമ്മാൾ കണ്ടത്. തനിക്ക് ഏറെ മധുരപലഹാരങ്ങളുമായി കൊല്ലത്തെ വസതിയിൽ അന്ന് അദ്ദേഹം വന്നു. രണ്ട് മണിക്കൂറിലധികം ഒപ്പം ഉണ്ടായിരുന്നു. പിന്നീട് കണ്ടിട്ടില്ല.

അദ്ധ്യാപികയായിരുന്ന പാട്ടിയമ്മയ്ക്ക് സഹോദരങ്ങളുടെ ഉത്തരവാദിത്വങ്ങൾ കൂടി നോക്കേണ്ടിവന്നു. അതുകൊണ്ടുതന്നെ സ്വന്തം ജീവിതത്തെപ്പറ്റി ചിന്തിച്ചില്ല. വാർദ്ധക്യത്തിന്റെ അവശതകൾക്കൊപ്പം ഹൃദ്രോഗത്തിന്റെ പ്രശ്നങ്ങൾ അലട്ടിയപ്പോൾ ഉറ്റവർക്ക് ഭാരമാകേണ്ട എന്നുകരുതി 2009 ജനുവരി 11ന് പൊതുപ്രവർത്തക വഴി ഗാന്ധിഭവനിൽ എത്തുകയായിരുന്നു. ഇവർ ഇന്ന് ഗാന്ധിഭവന്റെ വിളക്കാണ്. കുട്ടികൾക്ക് അക്ഷരങ്ങളും അറിവും മാത്രമല്ല കഥകളും വിളമ്പുന്ന ഇവർ ഇവിടേക്കെത്തുന്ന അതിഥികളെ സ്വീകരിക്കാനും മുന്നിൽ ഉണ്ടാവും. പുലർച്ചെ മൂന്നിന് ഉണർന്ന് കുളികഴിഞ്ഞ് കസവുടുത്ത് സംസ്കൃത ശ്ലോകങ്ങളുരുവിട്ട് ദീപം തെളിക്കുന്ന പതിവ് ഈ പ്രായത്തിലും മുടക്കം വരുത്തില്ല. ജീവിതത്തിലെ ചിട്ടവട്ടങ്ങളാണ് ഇപ്പോഴും ഈ ചുറുചുറുക്കിന്റെ രഹസ്യമെന്ന് ഗാന്ധിഭവൻ വൈസ് ചെയർമാൻ അമൽരാജ് കേരളകൗമുദി' യോട് പറഞ്ഞു.